2.	കണ്ണൂർ	"	2,989	"	50,152	"
3.	വയനാട്	"	523	"	14,172	"
4.	കോഴിക്കോട്	"	2,089	"	57,366	"
5.	മലപ്പുറം	"	7,364	"	65,000	"
6.	പാലക്കാട്	"	4,090	"	45,645	"
7.	തൃശ്ശൂർ	"	14,145	"	83,057	"
8.	എറണാകുളം	"	2,390	"	79,997	"
9.	ഇടുക്കി	"	454	"	26,934	"
10.	കോട്ടയം	"	473	"	17,324	"
11.	പത്തനംതിട്ട	"	240	"	13,846	"
12.	ആലപ്പുഴ	"	37	"	1,615	"
13.	കൊല്ലം	"	1,387	"	61,678	"
14.	തിരുവനന്തപുരം ജില്ല		2,726	"	78,478	"
	ആകെ		43,497		6,12,678	

1996 മേയ് മാസത്തിനുമുമ്പ് രജിസ്റ്റർ ചെയ്ത കണക്ഷൻ കൊടുക്കേണ്ടിയിരുന്നതിൽ അവശേഷിച്ചിരുന്നതുൾപ്പെടെ 8 ലക്ഷത്തോളം കണക്ഷനുകൾ ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

(സി) പോസ്റ്റ് വേണ്ട നോർമൽ ഗാർഹിക കണക്ഷനുകൾ 31-12-96 വരെ അപേക്ഷിച്ചവർക്കും, വെതർ പ്രൂഫ് നോർമൽ ഗാർഹിക കണക്ഷനുകൾ 30-6-99 വരെ അപേക്ഷിച്ചവർക്കും, കൂടാതെ എല്ലാ കാർഷിക കണക്ഷനുകളും സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തികവർഷം തന്നെ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

128 (3311) കണ്ണൂർ ജില്ലയിൽ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റിയ മരങ്ങളുടെ നഷ്ടപരിഹാരം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷൻ, മൈലാടി 220 കെ.വി. സബ്സ്റ്റേഷൻ എന്നിവയുടെ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റിയ മരങ്ങളുടെ നഷ്ടപരിഹാരം ഇനിയും നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(ബി) ലൈൻ വലിച്ച് വർഷങ്ങൾതന്നെ കഴിഞ്ഞിട്ടും നഷ്ടപരിഹാരം നൽകാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ നഷ്ടപരിഹാരം എപ്പോൾ നൽകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) മൈലാടി 220 കെ.വി. സബ്സ്റ്റേഷനുവേണ്ടി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 793 കേസ്സുകളിൽ 2,11,25,430/- രൂപ (രണ്ടു കോടി പതിനൊന്നു ലക്ഷത്തി ഇരുപത്തയ്യായിരത്തി നാനൂറ്റി മുപ്പതു രൂപ)

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചു. ആയതിൽ 759 കേസ്സുകളിൽ 2,07,76,046 രൂപ നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു. ബാക്കി 34 പേർക്കായി 3,49,384 (മൂന്നു ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി എൺപത്തി നാല്) രൂപ കൊടുക്കാനുണ്ട്. കക്ഷികൾക്ക് നോട്ടീസ് കൊടുത്തിട്ടും ശരിയായ രേഖകൾ ഹാജരാകാത്തതുകാരണമാണ് പണം വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നത്. ശരിയായ രേഖകൾ ഹാജരാക്കുന്ന അവസരത്തിൽ ശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതാണ്. ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ലൈൻ നിർമ്മാണാർത്ഥം മരം മുറിച്ചത് 1998 മേയ് മാസത്തിലാണ്. 1999 മെയ് മാസത്തിൽ തന്നെ അവാർഡ് എൻക്വയറി പൂർത്തിയാക്കിയിട്ടുണ്ട്. കഴിവതും വേഗം നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതാണ്.

129 (3312) വൃക്ഷങ്ങൾ മുറിച്ചുമാറ്റിയതിന് നഷ്ടപരിഹാരം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുമല തൃക്കണ്ണാപുരം ഭാഗത്ത് മുക്കുന്നിമലയിലെ റഡാർ സ്റ്റേഷനിലേയ്ക്കുള്ള 11 കെ.വി. ലൈനിനുവേണ്ടി 1993 വർഷത്തിൽ വൃക്ഷങ്ങൾ മുറിച്ച് മാറ്റിയതിന് നഷ്ടപരിഹാരം നൽകിയിരുന്നോ; എങ്കിൽ ഇനിയും ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാനുണ്ടോ;

(ബി) എങ്കിൽ ഇതുവരെയും കൊടുക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആകെയുള്ള 137 കക്ഷികളിൽ 71 കക്ഷികൾക്ക് നഷ്ടപരിഹാരതുക നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കഴിവതും വേഗം തുക നൽകുന്നതാണ്. ബാക്കിയുള്ള 66 കേസ്സുകളിൽ സ്ഥലമുടമകൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നഷ്ടപരിഹാര തുക നൽകാൻ കഴിഞ്ഞിട്ടില്ല.

130 (3313) ഇലക്ട്രിക് കമ്പി പൊട്ടി വീണു ഷോക്കേറ്റത് സംബന്ധിച്ച് നഷ്ടപരിഹാരം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന ഒറ്റശേഖരമംഗലം വാളികോട് പിരമ്പിൻകുഴി വീട്ടിൽ എൻ. ജോർജ് എന്ന ആളിന് 23-10-98-ൽ ഇലക്ട്രിക് കമ്പി പൊട്ടിവീണു കിടന്നതിൽ നിന്നും ഷോക്കേറ്റ് ആശുപത്രിയിൽ കിടന്നതു സംബന്ധിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കുമോ;

(ബി) പരാതിക്കാരന് നഷ്ടപരിഹാരതുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly